(സി) ആരോപണങ്ങൾ അന്വേഷണത്തിൽ തെളിയിക്കപ്പെട്ടിട്ടുണ്ടോയെന്നും ഇതിന്റെ പേരിൽ എന്തെങ്കിലും ശിക്ഷണ നടപടികൾക്ക് ഇദ്ദേഹം വിധേയനായിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ;

(ഡി) എന്തൊക്കെ ശിക്ഷണ നടപടികളാണ് ഡിപ്പാർട്ട്മെന്റ് തലത്തിൽ ഇദ്ദേഹത്തിനെതിരെ സ്വീകരിച്ചിരുന്നതെന്നും ഏത് കാലയളവിലാണെന്നും വ്യക്തമാക്കാമോ; ശിക്ഷണ നടപടികളുടെ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) അദ്ദേഹത്തിനെതിരെ, ശിക്ഷണ നടപടിയെടുത്തത് അദ്ദേഹം ഏത് തസ്തികയിൽ ജോലി ചെയ്തിരുന്നപ്പോഴാണെന്നും ശിക്ഷണ നടപടികൾ ഇളവ് ചെയ്തിട്ടുണ്ടെങ്കിൽ അദ്ദേഹം ഏത് തസ്തികയിലിരുന്നപ്പോഴായിരുന്നു എന്നും വ്യക്തമാക്കാമോ; ശിക്ഷണ നടപടികൾ ഇളവ് ചെയ്ത ഉത്തരവിന്റെ പകർപ്പ് മേശപ്പുറത്ത് വയ്ക്കാമോ;

(എഫ്) ഇദ്ദേഹത്തിന് ഈ ഗവൺമെന്റിന്റെ കാലയളവിൽ പ്രൊമോഷൻ നൽകുകയുണ്ടായോ; ഉണ്ടെങ്കിൽ എന്നാണെന്ന് വ്യക്തമാക്കാമോ; പ്രൊമോഷൻ നൽകിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) ശ്രീ. എസ്. രാധാകൃഷ്ണൻ നായർ.

(ബി—എഫ്) വിവരം ശേഖരിച്ചുവരുന്നു.

ലോകായുക്തയ്ക്ക് സമർപ്പിക്കുന്ന പരാതി സാധുവായിരിക്കുന്നതിനുള്ള വ്യവസ്ഥകൾ

102 [847] ശ്രീ. കെ. സി. ജോസഫ്:

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. കെ. എ. ചന്ദ്രൻ:

,, കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ലോകായുക്ത ആക്ടും ചട്ടങ്ങളും അനുസരിച്ച് ലോകായുക്തയ്ക്ക് സമർപ്പിക്കുന്ന പരാതി സാധുവായിരിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) പരാതിയോടൊപ്പം പരാതിയെ പിൻതുണയ്ക്കുന്ന അഫിഡവിറ്റില്ലാത്ത പക്ഷം പരാതി സാധുവാണോ;

(സി) അഫിഡവിറ്റിനാൽ പിൻതാങ്ങപ്പെടാത്ത പരാതിയെപ്പറ്റി പ്രാഥമികാന്വേഷണം നടത്താൻ പ്രസ്തുത ആക്ടോ ചട്ടങ്ങളോ ലോകായുക്തയ്ക്ക് അധികാരം നൽകുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വ്യവസ്ഥയുടെ പകർപ്പ് ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇക്കാര്യത്തിൽ വ്യവസ്ഥയില്ലാത്ത പക്ഷം അഫിഡവിറ്റിനാൽ പിൻതാങ്ങപ്പെടാത്ത പരാതിയിൻമേലുള്ള അന്വേഷണം സ്വാച്ഛാപരമോ അധികാര പരിധിക്കതീതമോ ആകുമോ എന്ന് വിശദീകരിക്കുമോ;

(എഫ്) അഫിഡവിറ്റില്ലാതെ കിട്ടിയ പരാതിയിൻമേൽ പ്രാഥമികാന്വേഷണം നടത്തുന്നത് ക്രമാനുസൃതമാണോ?

ഉത്തരം

(എ—എഫ്) 1999-ലെ കേരള ലോകായുക്ത ആക്ടിലും അനുബന്ധ ചട്ടങ്ങളിലും ഇവ സംബന്ധിച്ചുള്ള വ്യവസ്ഥകൾ നിഷ്കർഷിച്ചിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച ഒരു പരാതി ലോകായുക്ത ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിൽ ഇരിക്കുന്നതിനാൽ കൂടുതൽ വിവരങ്ങൾ ഇപ്പോൾ നൽകാൻ നിർവ്വാഹമില്ല.

തിരുവനന്തപുരം ജില്ലയിലേക്ക് നിയമനം ലഭിച്ച എൽ.പി.എസ്./യു.പി.എസ്. അസിസ്റ്റന്റ് (മലയാളം പി.ഡി. ടീച്ചർ) മാർ

103 [853] ശ്രീ. ജി. കാർത്തികേയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലേക്ക് എൽ.പി.എസ്./യു.പി.എസ്.അസിസ്റ്റന്റ് (മലയാളം) (പി.ഡി. ടീച്ചർ) ആയി നിയമിക്കപ്പെടുന്നതിന് ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേർക്ക് നിയമനം നൽകി;

(ബി) അവരുടെ ഓരോരുത്തരുടെയും ജാതി തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഇവരിൽ ലാറ്റിൻ കാത്തലിക് വിഭാഗത്തിൽ നിന്നും മെറിറ്റ് ക്വാട്ടയിലും റിസർവേഷൻ ക്വാട്ടയിലും നിയമനം കിട്ടിയവർ എത്ര വീതമെന്ന് പറയുമോ;

(ഡി) അവരുടെ റാങ്കും പേരും കാണിക്കുന്ന ലിസ്റ്റ് ലഭ്യമാക്കുമോ;

(ഇ) പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പഞ്ചായത്ത് സ്കൂളുകളിൽ നിയമിക്കപ്പെടുന്നതിന് സമ്മതം നൽകിയവരിൽ നിന്നും എത്ര പേർ നിയമിക്കപ്പെട്ടു;

(എഫ്) ഇവരുടെ ഓരോരുത്തരുടെയും ജാതി തിരിച്ചുള്ള ലിസ്റ്റും ലാറ്റിൻ ക്രിസ്ത്യൻ വിഭാഗത്തിൽ നിന്ന് മെറിറ്റ് ക്വാട്ടയിലും റിസർവേഷൻ ക്വാട്ടയിലും നിയമിക്കപ്പെട്ടവരുടെ വിവരവും ലഭ്യമാക്കുമോ?

ഉത്തരം

(എ) ഒടുവിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിലെ, മെയിൻ ലിസ്റ്റിൽ നിന്നും എല്ലാവർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ആകെ 853 പേർക്കാണ് നാളിതുവരെ നിയമനം നൽകിയത്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എഫ്) വിവരം ശേഖരിച്ചു നൽകുന്നതാണ്.

GPM. 2/152/2013—15

LIBRARY ARCHIVES Kerala Legislative Assembly